**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1190** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കർഷക ക്ഷേമനിധി ബോർഡിന്റെ പ്രശ്നങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോണി. കെ. ബേബി ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** അറുപത് വയസ് പൂർത്തിയായ കർഷകർക്ക് അയ്യായിരം രൂപ പെൻഷൻ നൽകുമെന്ന് പ്രഖ്യാപിച്ച് മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിലും , പ്രഖ്യാപിച്ച പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടും ഇതേവരെ ഉണ്ടായ പുരോഗതി വിശദമാക്കുമോ;

**<u>മറുപടി:</u>** കേരള കർഷക ക്ഷേമനിധി ബോർഡ് 2020-ൽ രൂപീകരിക്കപ്പെട്ടെങ്കിലും, ബോർഡ് വിഭാവനം ചെയ്ത ക്ഷേമപദ്ധതികൾക്ക് ഇതുവരെ സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ല. കർഷക ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള അർഹതാകാലാവധി 2026 ഡിസംബർ മാസം മുതൽ പൂർത്തിയാകുന്നതാണ്. അതിനാൽ നിലവിൽ പെൻഷൻ ആനുകൂല്യം അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

**(ബി)** ഇരുപത് ലക്ഷം കർഷകരെ പങ്കാളികളാക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതിയിൽ നാളിതുവരെ എത്ര കർഷകർ പങ്കാളികളായിട്ടുണ്ട്; പദ്ധതിയിൽ കർഷകരുടെ പങ്കാളിത്തം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** കർഷക ക്ഷേമനിധി ബോർഡിൽ ഒരു വർഷത്തിനുള്ളിൽ ഏകദേശം 20 ലക്ഷം കർഷകരെ അംഗങ്ങളാക്കുക എന്ന ലക്ഷ്യമാണ് വിഭാവനം ചെയ്തിരുന്നത്. നിലവിൽ ബോർഡിൽ അംഗത്വത്തിനായി രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം 19,101 ആണ്. ഇവരിൽ 15,384 പേർ രജിസ്ട്രേഷൻ ഫീസ് അടച്ചിട്ടുള്ളവരും 12,249 പേർക്ക് പൂർണ്ണ അംഗത്വം ലഭിച്ചിട്ടുള്ളവരുമാണ്. പദ്ധതിയിൽ പ്രതീക്ഷിച്ച തോതിൽ കർഷക പങ്കാളിത്തം കൈവരിക്കാനായിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബോർഡ് പ്രവർത്തനം ആരംഭിച്ച ആദ്യഘട്ടത്തിൽ അംഗത്വ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ, അപേക്ഷകളുടെ പരിശോധന, യോഗ്യതാ മാനദണ്ഡങ്ങൾ എന്നിവ മൂലം അംഗത്വ വളർച്ച പ്രതീക്ഷിച്ചതിലും മന്ദഗതിയിലായിരുന്നു. കൂടാതെ, കർഷക ക്ഷേമനിധി പദ്ധതിക്ക് നാളിതുവരെ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല എന്നതും അംഗത്വ വർധനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പദ്ധതിക്ക് സർക്കാർ അംഗീകാരം ലഭിക്കാത്തതിനാൽ ബോർഡിലൂടെ അംഗങ്ങൾക്ക് ലഭ്യമാക്കേണ്ട ആനുകൂല്യങ്ങൾ ഇതുവരെ അന്തിമമായി നിശ്ചയിക്കപ്പെട്ടിട്ടില്ല.

**(സി)** പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ടോയെന്ന് വിശദമാക്കുമോ;

**മറുപടി:** 2020 ൽ രൂപീകരിച്ച ബോർഡിന്റെ പദ്ധതി മാർഗ്ഗരേഖക്ക് 5 വർഷം കഴിഞ്ഞിട്ടും മുൻ സർക്കാർ അംഗീകാരം നൽകാതിരുന്നതിനാൽ പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

**(ഡി)** പ്രസ്തുത പദ്ധതിയിൽ നിലവിൽ പങ്കാളികളായവർ 2022 മുതൽ നിശ്ചിത തുക ക്ഷേമനിധിയിലേക്ക് അടയ്ക്കുന്ന സാഹചര്യത്തിൽ അവർക്ക് പെൻഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** കർഷക ക്ഷേമനിധി പദ്ധതിയിൽ നിലവിൽ അംഗങ്ങളായിട്ടുള്ളവർ 2022 മുതൽ നിശ്ചിത വിഹിതം ക്ഷേമനിധിയിലേക്ക് അടച്ചുവരുന്നുണ്ട്. എന്നാൽ, കർഷക ക്ഷേമനിധി പദ്ധതിക്ക് ഇതുവരെ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമാനുകല്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അന്തിമമായി നിശ്ചയിച്ചിട്ടില്ല. പദ്ധതി സംബന്ധിച്ച സർക്കാർ തീരുമാനം കൈക്കൊള്ളുന്ന മുറക്ക് നിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾക്ക് അനുസൃതമായി അംഗങ്ങൾക്ക് ലഭിക്കേണ്ട പെൻഷൻ ഉൾപ്പെടെയുള്ള ആനുകല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**